(ഡി) അങ്ങനെയുള്ള സ്കൂളുകളുടെ മാനേജ്മെൻറിൽ നിന്നും അപേക്ഷ ലഭിച്ചാൽ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂളുകളിലെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

1440. [2177] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂളുകളിൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിനു നിയമപരമായ സാധുതയുണ്ടോ ;

(ബി) കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ലയിലെ അയ്യത്താൻ മെമ്മോറിയൽ യു. പി. സ്കൂളിനു അംഗീകാരമുണ്ടോ ;

(സി) അംഗീകാരമില്ലെങ്കിൽ ഈ സ്കൂൾ അധികൃതർ നൽകിയ ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾക്ക് നിയമപ്രാബല്യമുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പേരിൽ ഒരു സ്കൂൾ ഉള്ളതായി അറിവില്ല. എന്നാൽ ഡോക്ടർ അയ്യത്താൻ ഗോപാലൻ മെമ്മോറിയൽ എന്ന ഒരു സ്കൂൾ ഉണ്ട്. ഈ സ്കൂളിനു 31-3-1986 വരെ അംഗീകാരമുണ്ടായിരുന്നു.

(സി) അയ്യത്താൻ മെമ്മോറിയൽ യു. പി. സ്കൂൾ നിലവിലുണ്ടോ എന്നറിയാത്തതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല. എന്നിരുന്നാലും അംഗീകാരമില്ലാത്ത സ്കൂളുണ്ടെങ്കിൽ വിടുതൽ സർട്ടിഫിക്കറ്റിനു നിയമസാധുത ഉണ്ടായിരിക്കുകയില്ല.

കോളേജ് ഓഫ് ഫൈൻ ആർട്സ് പോട്ടറി യൂണിറ്റ്

1441. [2178] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻ ആർട്സിലെ പോട്ടറി യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പോട്ടറി യൂണിറ്റിൽ വർഷങ്ങളായി 'പോട്ടറി ബോയ്' തസ്തികയിൽ ജോലി നോക്കിവരുന്ന പത്തുപേരെ വിവിധ കരകൗശല ഹൈസ്കൂളുകളിലേക്ക് സ്ഥലം മാറ്റിയത് എന്തുകൊണ്ടാണ് ;

(സി) തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻ ആർട്സിലെ പോട്ടറി യൂണിറ്റ് തുടർന്ന് പ്രവർത്തിക്കേണ്ടെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly